**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3418** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി വിഭാഗത്തിലെ അറബി ഭാഷാ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹയർ സെക്കണ്ടറി വിഭാഗത്തിൽ അറബി ഭാഷ അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ എത്ര കുട്ടികൾ വേണം എന്നറിയിക്കുമോ; | (എ) | സർക്കാർ ഉത്തരവ് (സാധാ)നം.125/98/പൊവിവ 21/04/1998 പ്രകാരം അറബിക് ഉപഭാഷക്ക് തസ്തിക സൃഷ്ടിക്കുന്നതിന് ഒരു ബാച്ചിൽ 10 വിദ്യാർത്ഥികൾ ഉണ്ടാകണം എന്നാണ് നിഷ്കർഷിച്ചിരുന്നത്. എന്നാൽ 16/12/2019-ലെ സർക്കാർ കത്ത് നം.610/റ്റി2/19/ പൊവിവ പ്രകാരം 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച ബാച്ചുകളിൽ അറബിക് തസ്തിക സൃഷ്ടിക്കുന്നതിനു ഒരു ബാച്ചിൽ 25 വിദ്യാർത്ഥികൾ വേണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | 2019 വരെ ഹയർ സെക്കണ്ടറിയിൽ അറബിക്, ഉറുദു, സംസ്കൃതം, കന്നട, തമിഴ് എന്നീ ഭാഷകൾ പഠിപ്പിക്കാൻ പത്തു കുട്ടികൾ വേണമെന്ന രീതിയിൽ നിന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 16.12.2019 ലെ 610/02/2019 നമ്പർ സർക്കുലർ പ്രകാരം അറബിക് ഭാഷയ്ക്ക് മാത്രം ഇരുപത്തിയഞ്ച് കുട്ടികൾ വേണമെന്ന നിബന്ധന ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുറപ്പെടുവിച്ചതെന്നു വിശദമാക്കാമോ; | (ബി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (സി) | അറബിക് ഭാഷയ്ക്ക് മാത്രം ഇരുപത്തിയഞ്ച് കുട്ടികൾ വേണമെന്ന സർക്കുലർ പിൻവലിക്കാൻ ആവശ്യമായ എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ;വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ